# കുമരംപേരൂർ സൗത്ത് എൽ പി സ്കൂൾ വടശ്ശേരിക്കര

---

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 2026

---

വിദ്യാഭ്യാസ ഉപജില്ല : പത്തനംതിട്ട

## ആമുഖം

എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 1951-ൽ കാർമേൽ മാർത്തോമ്മ ഇടവകയുടെ അധീനതയിൽ കുറുമ്മണ്ണചേരൂർ സൗത്ത് എൽ.പി. സ്കൂൾ സ്ഥാപിതമായി. വടശ്ശേരിക്കര പഞ്ചായത്തിൽ 15-ാം വാർഡിൽ 50 സെന്റ് സ്ഥലത്തിൽ ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു.

1 മുതൽ 5 വരെയുള്ള ക്ലാസിൽ ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 5 അധ്യാപകർ സേവനമനുഷ്ഠിക്കുന്നു. ഇതിൽ മൂന്ന് അധ്യാപകർ സ്ഥിരമായും രണ്ട് അധ്യാപകർ താത്കാലിക അടിസ്ഥാനത്തിലും സേവനമനുഷ്ഠിക്കുന്നു. 5-ാം ക്ലാസിലേക്ക് ഹിന്ദി പഠിപ്പിക്കുന്നതിനായി ഒരു അധ്യാപികയുടെ സേവനം ലഭ്യമാകുന്നു. 1 മുതൽ 5 വരെ ക്ലാസുകളോടൊപ്പം ഒരു പ്രീപ്രൈമറിയും ഇവിടെ പ്രവർത്തിക്കുന്നു. പ്രീപ്രൈമറി മുതൽ അഞ്ചു വരെയുള്ള ക്ലാസിൽ 40 കുട്ടികൾ പഠിക്കുന്നു.

അധ്യാപകർ അവധിക്കാല പരിശീലനത്തിലും CRC തല പരിശീലനത്തിലും പങ്കെടുത്ത് SRG കൂടി ചർച്ച ചെയ്ത് പഠന പ്രവർത്തനങ്ങൾ സജീവമാക്കുന്നു.

ക്ലബ്ബുകൾ രൂപീകരിച്ച് അക്കാദമിക പ്രവർത്തനങ്ങൾ നടത്തുന്നു. കലോത്സവം, ശാസ്ത്രമേള, L.S.S പരീക്ഷ ഇവയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. ദിനാചരണങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് രക്ഷകർത്താക്കളുടെ സഹായത്തോടെ വേറിട്ട പ്രവർത്തനങ്ങൾ സ്കൂളിൽ നടത്താൻ സാധിക്കുന്നു.

വായനയ്ക്കും എഴുത്തിനും പ്രാധാന്യം നൽകിക്കൊണ്ട് കുട്ടികളുടെ ഭാഷാപരമായ കഴിവുകൾ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങളും നൽകുന്നു.

# Subject : English

## Present Situation

* Difficult in reading and writing
* They are poor in Communication skill

## Programme Concept : Easy English

## Learning Outcomes :

* To develop Reading and Writing skill
* To enhance Communicative Skill

| Sl no. | Activity | Activity Stage | Duration |
|---|---|---|---|
| 1 | NAME THE OBJECT | The learners look around the class and note down the name of the object | June, July |
| 2 | MY WORDS | Teacher distribute some letter cards. then teacher show a word card. Learners make the word. using letter card | Aug Sep |
| 3 | A SENTENCE | Show a picture and different words given based on the picture the learners sort out the words and make a sentence | October |
| 4 | MATCHING | Teacher show the chart including different picture and sentence. Learners match the picture and sentence. the next time learner write the sentence. when teacher show the picture. | |

| Sl no. | Activity | Activity Stage | Duration |
|---|---|---|---|
| 5 | NARRATE A SIMPLE STORY | Make the students sit in a circle. Each students i's asked to say a sentence. From the story in a Sequence Children narrate the story as a chain | December January |
| 6 | DESCRIPTION ABOUT A PICTURE | Teacher present a picture and ask about some questions. based on the Picture. Teacher elicit the words in the Picture Students add them in the picture Tr. model the interaction Sentence, After that students make the Sentence | February |
| 7 | Conversation | Teacher give a Simple situation or a narration. Based on that learners make a Conversation in group | March |

II വിഷയം : മലയാളം

അവസ്ഥാ വിശകലനം

അക്ഷരസ്ഫുടതയോടെയുള്ള എഴുത്തിലെയും വായനയിലെയും പിന്നോക്കാവസ്ഥ.

പ്രവർത്തന പരിപാടിയുടെ പേര്.

അക്ഷരസ്ഫുരണം.

പ്രതീക്ഷിതനേട്ടം

ആശയവ്യക്തതയോടെയും ഒഴുക്കോടെയും വായിക്കുന്നതിനും തെറ്റു കൂടാതെ എഴുതുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.

| Sl No: | പ്രവർത്തനങ്ങൾ | പ്രവർത്തനഘട്ടങ്ങൾ | കാലയളവ്. |
|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | * പ്രിടെസ്റ്റ്, അക്ഷരം തിരിച്ചറിയൽ, പദകേളിയും, പദനിർമ്മിതിയും.<br>* ചിത്രവായന, അക്ഷരകേളികൾ നടത്തൽ.<br>* പദസൂര്യൻ, ആഭരണം അണിയിക്കൽ.<br>* വാക്കുകൾ എഴുതിയ കാർഡ്, വാക്യങ്ങൾ നിർമ്മിക്കൽ. | ജൂലൈ<br>ആഗസ്റ്റ് |

| Sl NO: | പ്രവർത്തനങ്ങൾ | പ്രവർത്തനഘട്ടങ്ങൾ | കാലയളവ് |
|---|---|---|---|
| | | * അക്ഷരപ്പാട്ടുകൾ, കുട്ടികഥകൾ, കവിതകൾ<br>* ചിത്രം, കഥ പറയൽ | സെപ്റ്റംബർ |
| 2. | കുട്ടികളെ മികച്ച വായനക്കാരനാക്കുക | * ക്ലാസ് വായനക്കൂട്ടം.<br>* വായനമൂല, ക്ലാസ് ലൈബ്രറി<br>* പത്രവായന<br>* അമ്മവായന<br>* വായനക്കുറിപ്പ് തയ്യാറാക്കൽ.<br>* ദിനാചരണങ്ങൾ.<br>* വിദ്യാരംഗം കലാസാഹിത്യവേദി. | ഒക്ടോബർ<br>നവംബർ |

| Sl No: | പ്രവർത്തനങ്ങൾ | പ്രവർത്തനഘട്ടങ്ങൾ | കാലയളവ്. |
|---|---|---|---|
| | | * ബാലസഭ, ആസ്വാദകരമായ വായന<br>* വായനസാമഗ്രികൾ വികസിപ്പിക്കൽ.<br>* ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും. | ജനുവരി |
| 3 | കുട്ടിയെ മികച്ച ഉഴുത്തുകാരനാക്കുക. | * ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.<br>* വ്യക്തിഗതരചന, സംഘരചന, പതിപ്പ് തയ്യാറാക്കൽ.<br>* ബാലസഭ.<br>* രചയിതാക്കളെ പരിചയപ്പെടൽ.<br>* കുറിപ്പ് തയ്യാറാക്കൽ. | ഫെബ്രുവരി<br>മാർച്ച്. |

## III) വിഷയം : കണക്ക്.

<u>അവസ്ഥാവിശകലനം</u>

ചതുഷ്ക്രിയയുമായി ബന്ധപ്പെട്ട ഗണിതക്രിയകളിലെ പിന്നോക്കാവസ്ഥ.

<u>പ്രവർത്തനപരിപാടികളുടെ പേര്:</u>

ഗണിതച്ചെപ്പ്

<u>പ്രതീക്ഷിതനേട്ടം.</u>

* ഗണിതക്രിയകൾ ലളിതവും രസകരവുമായി ചെയ്യാനുള്ള ശേഷിനേടൽ.
* ദൈനംദിനജീവിതവുമായി ബന്ധപ്പെട്ടുള്ള ഗണിതക്രിയകളെ യുക്തിപരമായി പരിഹരിക്കാനുള്ള ശേഷി നേടൽ.

| | പ്രവർത്തനങ്ങൾ | പ്രവർത്തനഘട്ടങ്ങൾ | കാലയളവ്. |
|---|---|---|---|
| 1 | ഉണ്ണാം, കൂട്ടാം | ബോർഡിൽ രേഖപ്പെടുത്തുന്ന സംഖ്യകൾ കണ്ടെത്തി അവ കൂട്ടുന്നു. ഉദാ: കല്ല്, മഞ്ചാടി, ഗോലി. | ജൂലൈ |
| 2 | കുറഞ്ഞ് കുറഞ്ഞ് കുറച്ചു മാത്രം | പാമ്പും ഏണിയും കളിച്ചുകൊണ്ട് ആദ്യ അവസരത്തിൽ തന്നെ എത്തിയ സംഖ്യകളെ കൂട്ടുകാർ ചേർക്കുന്നു | ആഗസ്റ്റ് |
| 3. | അബാക്കസ് | കാർഡിൽ രേഖപ്പെടുത്തിയ ഒറ്റസംഖ്യകളുടെ സങ്കലന, വ്യവകലന ക്രിയകൾ അബാക്കസിന്റെ സഹായത്തോടെ ചെയ്യുന്നു. ബോർഡിൽ രേഖപ്പെടുത്തുന്നു. | സെപ്റ്റംബർ |

| | | | |
|---|---|---|---|
| 4 | മുത്തു പൊട്ടുകൾ | ഗണിതകിറ്റിലെ ഒറ്റയക്കസംഖ്യാകാർഡ് ഉപയോഗിച്ച് സങ്കലനക്രിയകൾ ചെയ്യുന്നു. അവ പൊട്ടുകളുടെ രൂപത്തിൽ ചിത്രീകരിച്ച് ബുക്കിൽ രേഖപ്പെടുത്തുന്നു. | ഒക്ടോബർ |

| Sl No: | പ്രവർത്തനങ്ങൾ | പ്രവർത്തനഘട്ടങ്ങൾ | |
|---|---|---|---|
| 5. | കൂട്ടം കൂട്ടമായി | ഗണിതകിറ്റിലെ പല നിറത്തിലുള്ള മുത്തുകൾ ഉപയോഗിച്ച് കൂട്ടങ്ങൾ ആക്കി ആവർത്തനസങ്കലനം ഗുണനമാണെന്ന് മനസിലാക്കുന്നു. ചാർട്ടിൽ രേഖപ്പെടുത്തുന്നു. | നവംബർ |
| 6. | കുറയ്ക്കാം പൂജ്യത്തിലെത്താം. | ആവർത്തിച്ചുള്ള വ്യവകലനം ഹരണക്രിയയിൽ എത്തിച്ചേരുന്നു എന്ന് മനസിലാക്കുന്നു. ഉദാ: 32 വളകളെ 8 വീതം കൂട്ടമാക്കുക. 32നെയും 8നെയും വ്യവകലനക്രിയയിലൂടെ പൂജ്യത്തിലെത്തിച്ചേരുന്നത് വരെ ആവർത്തിക്കുക. | ഡിസംബർ |

| Sl No: | പ്രവർത്തനങ്ങൾ | പ്രവർത്തന ഘട്ടങ്ങൾ | |
|---|---|---|---|
| | | | ജനുവരി |
| 7 | ഗുണിക്കാം, ഹരിക്കാം. | ദൈനംദിന ജീവിതക്രിയകളുമായി ബന്ധപ്പെടുത്തി ഹരണക്രിയകൾ ചെയ്യുന്നു. നോട്ട്ബുക്കിൽ രേഖപ്പെടുത്തുന്നു. | ഫെബ്രുവരി |

IV വിഷയം: പരിസ്ഥിതിപഠനം.

അവസ്ഥാവിശകലനം.

* ശാസ്ത്രീയപരമായി പരീക്ഷണങ്ങളെ മനസിലാക്കാനുള്ള താത്പര്യക്കുറവ്.
* വർഗീകരണത്തിലും ശേഖരണത്തിലുമുള്ള കഴിവുകേട്.

പ്രവർത്തനപരിപാടിയുടെ പേര്:

ശാസ്ത്രത്തെ അറിയാം.

പ്രതീക്ഷിതനേട്ടം:

* ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രാവബോധം വർദ്ധിപ്പിക്കുന്നതിന്.

* സ്വയം പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുന്നതിന്.

| Sl No. | പ്രവർത്തനങ്ങൾ | പ്രവർത്തനഘട്ടങ്ങൾ | |
|---|---|---|---|
| 1 | മെറ്റീരിയൽ ലിസ്റ്റ് തയ്യാറാക്കാം. | * 1 മുതൽ 4 വരെ ക്ലാസുകളിലെ പരിസരപഠനത്തിനും ലഘുപരീക്ഷണങ്ങൾക്കും, സഹായവസ്തുക്കൾ, പരീക്ഷണങ്ങൾ എന്നിവ ലിസ്റ്റ് ചെയ്യുന്നു. | ജൂലൈ |
| 2. | നിർമ്മാണശില്പശാല | തയ്യാറാക്കിയ ലിസ്റ്റ് അനുസരിച്ച് വസ്തുക്കൾ ശേഖരിക്കൽ നിർമ്മിക്കൽ | ആഗസ്റ്റ് |
| 3. | ലഘുപരീക്ഷണങ്ങൾ ചെയ്യൽ. | * പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. അതാത് ക്ലാസുകളിൽ യഥാക്രമം ചെയ്യുന്നു. | സെപ്റ്റംബർ |

| Sl No: | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ. | |
|---|---|---|---|
| 4. | ലഘു പരീക്ഷണങ്ങൾ ചെയ്ത് പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ. | * പുസ്തകത്തിന് പുറത്തും പുസ്തകവുമായി ബന്ധപ്പെട്ടതുമായ ശാസ്ത്രപരീക്ഷണങ്ങൾ കുട്ടികൾ സ്വയം ചെയ്ത് പരീക്ഷണ കുറിപ്പ് തയ്യാറാക്കുന്നു. (ലിസ്റ്റ് ചെയ്യപ്പെട്ട പരീക്ഷണങ്ങൾ) | ഒക്ടോബർ |
| 5. | ശേഖരങ്ങൾ | | നവംബർ |
| 6 | * പതിപ്പ് | | |
| 7 | * ICT സാധ്യത | ചിത്രങ്ങൾ, ഇലകൾ, വിത്തുകൾ, പതിപ്പ് നിർമ്മാണം. | ഡിസംബർ, ജനുവരി |

# ആരോഗ്യ കായിക വിദ്യാഭ്യാസം

## ലക്ഷ്യങ്ങൾ

* കുട്ടികളുടെ ശാരീരികവും മാനസികവുമായ വിദ്യാഭ്യാസം
* ആരോഗ്യശീലങ്ങൾ വളർത്തുക
* ആരോഗ്യകായികക്ഷമത ഉറപ്പാക്കുക.

## പ്രവർത്തനങ്ങൾ

* വ്യക്തിശുചിത്വാവബോധം വളർത്തൽ
* ലഘുവ്യായാമങ്ങൾ, എയറോബിക്സ്.
* ലഘുവർക്ക് ഔട്ടുകൾ നടത്തുക.

# കലാവിദ്യാഭ്യാസം

## ലക്ഷ്യങ്ങൾ

* കുട്ടികളുടെ സർഗാത്മകമായ കഴിവുകളെ പരിപോഷിപ്പിക്കുക.

## പ്രവർത്തനങ്ങൾ

* ബാലസഭ
* സർഗ്ഗവേദികൾ
* ICT സാധ്യത ഉപയോഗിച്ച് കലാപരിശീലനം പ്രയോജനപ്പെടുത്തുന്നു.
* പ്രശസ്ത കവികളെ പരിചയപ്പെടുന്നതിനും കവിതകൾ ചൊല്ലാൻ ശീലിക്കുന്നതിനും.

കുമരംചേരൂർ സൗത്ത് എൽ. പി
സ്കൂളിലെ കുട്ടികളുടെ പഠനനേട്ടങ്ങൾക്ക്
കൈത്താങ്ങാവാൻ ഈ പ്രവർത്തനങ്ങൾ ഉതകും
എന്ന ലക്ഷ്യത്തോടെ ഞങ്ങൾ തയ്യാറാക്കിയ
അക്കാദമിക് മാസ്റ്റർപ്ലാൻ സമർപ്പിക്കുന്നു.